**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1604** | **19-09-2025 - ൽ മറുപടിയ്ക്ക്**

**ഭൂപതിവ് നിയമ/ചട്ട ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഭൂപതിവ് നിയമ/ചട്ട ഭേദഗതി പ്രകാരം 07-06-2024 വരെ നിർമ്മിച്ചിട്ടുള്ള നിർമ്മിതികൾക്ക് മാത്രമാണോ ഭേദഗതി ബാധകമാകുകയെന്നു വിശദമാക്കാമോ; | (എ) | 1960 ലെ ഭൂമി പതിവു നിയമത്തിന് കീഴിൽ രൂപീകരിച്ചിട്ടുള്ള 11 വ്യത്യസ്ത പതിവ് ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെട്ട പട്ടയഭൂമികളിൽ 07.06.2024 നു മുമ്പായി നടത്തിയിട്ടുള്ള ചട്ടവ്യവസ്ഥാ ലംഘനങ്ങൾ/പട്ടയ വ്യവസ്ഥാ ലംഘനങ്ങൾ മാത്രം ക്രമവൽക്കരിക്കുന്നതു സംബന്ധിച്ചുള്ളതാണ് 1960 ലെ നിയമത്തിൽ 2023 ൽ നടപ്പിലാക്കിയ ഭേദഗതിയെ തുടർന്ന് കൂട്ടിച്ചേർത്ത 4 A (1) എന്ന ഉപവകുപ്പ് ഭേദഗതി. എന്നാൽ, നിയമഭേദഗതിയുടെ പ്രാബല്യത്തീയതിക്കു മുമ്പായി അനുവദിക്കപ്പെട്ട പട്ടയ ഭൂമികളിൽ അനുവദിക്കപ്പെട്ട ആവശ്യത്തിന് വിഭിന്നമായ മറ്റാവശ്യങ്ങൾക്കായി ഭാവിയിൽ പട്ടയ ഭൂമികളുടെ ഉടമകൾക്ക് ഉപയോഗമാറ്റത്തിനുള്ള അനുമതി സർക്കാരിൽ നിന്നും നേടുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. 2023 ൽ നടപ്പിലാക്കിയ 4 A (2) എന്ന ഉപവകുപ്പ് ഭേദഗതി, ആകയാൽ, നിയമഭേദഗതിക്ക് ശേഷം ഉപയോഗമാറ്റം ആവശ്യമുള്ളപക്ഷം ആയതിന് പട്ടാദാരന് മുൻകൂർ അനുമതി നേടുന്നതിന് സാധ്യമാകുന്ന വിധത്തിലാണ് നിയമ ഭേദഗതി വ്യവസ്ഥ. ഇത്തരത്തിൽ അനുമതി നൽകുന്നതിനായുള്ള പ്രത്യേക ചട്ടങ്ങളും പരിഗണനയിലുള്ളതാണ്. |
| (ബി) | ഇനിയും പട്ടയം ലഭിക്കാനുള്ള ആളുകൾ, പട്ടയമില്ലാത്ത വ്യാപാര സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ''എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയ മിഷൻ. മലയോര മേഖല, പട്ടിക വർഗ്ഗ വിഭാ |

| | | | |
|---|---|---|---|
| | | | ഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തിര പ്രാധാന്യത്തോടെ പട്ടയം നൽകാനായി പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് കമ്മീഷണർ (LA) നേതൃത്വത്തിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഓരോ നിയമസഭാ നിയോജക മണ്ഡലത്തിലും പട്ടയ അസംബ്ലികൾ ചേർന്ന് പട്ടയ വിഷയങ്ങൾ കണ്ടെത്തുകയും അവ ഒരു പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തും. ഓരോ മണ്ഡലത്തിനും ഓരോ ഡെപ്യൂട്ടി കളക്ടറെ നോഡൽ ഓഫീസറായി തീരുമാനിച്ചിട്ടുണ്ട്. മുഴുവൻ ഭൂരഹിതർക്കും സമയബന്ധിതമായി പട്ടയ വിതരണത്തിനുള്ള തുടർ നടപടികൾ താലൂക്ക് തലത്തിൽ കൈക്കൊള്ളുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി ആഴ്ച തോറും ലാൻഡ് റവന്യൂ കമ്മീഷണർ വിലയിരുത്തുന്നുണ്ട്.<br><br>നിയമപ്രകാരം പട്ടയം നൽകുന്നതിനു തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ്ബോർഡ്) പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവുകളിലൂടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവ അപ്രകാരവും നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ